# പതിമൂന്നാം കേരള നിയമസഭ

## നാലാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത നിയമസഭാ ചോദ്യം നമ്പർ 1066 20.03.2012- ൽ മറുപടിക്ക്**

**മുല്ലപ്പെരിയാർ അണക്കെട്ട് തകരാനിടയായാൽ ദുരന്തം ഒഴിവാക്കാൻ നടപടി**

| | ചോദ്യം | | മറുപടി |
|---|---|---|---|
| | ശ്രീ. എസ്. രാജേന്ദ്രൻ | | ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ<br>(റവന്യൂ വകുപ്പു മന്ത്രി) |
| (എ) | മുല്ലപ്പെരിയാർ അണക്കെട്ട് തകരാനിടയായാൽ ഉണ്ടായേക്കാവുന്ന ദുരന്തം ഒഴിവാക്കാൻ സംസ്ഥാനസർക്കാർ പ്രത്യേക പദ്ധതിക്കു രൂപം നൽകിയിട്ടുണ്ടോ ; എങ്കിൽ പദ്ധതിയുടെ വിശദാംശങ്ങളും, ഇവയുടെ തയ്യാറെടുപ്പുകളും സംബന്ധിച്ച് വിശദമാക്കാമോ ; | (എ) | ഉണ്ട്. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു<br><br>ഇടുക്കി ജില്ലയിലെ മുല്ലപ്പെരിയാറിലും പരിസരത്തും അടുത്തിടെയുണ്ടായ അടിയന്തിര സാഹചര്യത്തിന്റെ വെളിച്ചത്തിൽ ദുരന്ത ലഘൂകരണം, തയ്യാറെടുപ്പ് എന്നിവ ലക്ഷ്യമാക്കി മുല്ലപ്പെരിയാറിന് താഴെ ഇടുക്കി ഡാം വരെ ദുരന്ത സാധ്യതയുള്ള പ്രദേശങ്ങളാകമാനം ഉൾപ്പെടുത്തി കൊണ്ട് സംസ്ഥാന ദുരന്ത നിവാരണ അതോറിറ്റിയുടെ നേതൃത്വത്തിൽ, വിവിധ സേവന ദാതാക്കളുടെ സഹകരണത്തോടെ (ഐഎൽഡിഎം, എച്ച്.വി.ആർ.എ സെൽ, ഭൗമശാസ്ത്ര പഠന കേന്ദ്രം, യുഎൻഡിപി, ഇടുക്കി ജില്ലാ ദുരന്ത നിവാരണ അതോറിറ്റി, തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങൾ) സംയുക്തമായി മുല്ലപ്പെരിയാറിൽ ഒരു ക്രൈസ്സിസ് മാനേജ്മെന്റ് പ്ലാൻ നടപ്പാക്കി വരുന്നു.<br><br>ഈ പദ്ധതിയിൽ താഴെ പറയുന്ന ഘടകങ്ങളാണുള്ളത്.<br><br>1. സാങ്കേതിക ഘടകം<br><br>2. സാമൂഹ്യാധിഷ്ഠിത ദുരന്ത നിവാരണ പദ്ധതി (സ്കൂൾ സുരക്ഷാ പദ്ധതി ഉൾപ്പെടെ)<br><br>3. സംഭവ പ്രതികരണ സംവിധാനം (Incidence Response System-IRS)<br><br>അടിയന്തിര പ്രവർത്തന കേന്ദ്ര (ഇ.ഒ.സി) വിപുലീകരണത്തിന് പതിനാറ് ലക്ഷം രൂപയും, മറ്റ് അടിയന്തിര ചെലവുകൾ നേരിടുന്നതിനായി അഞ്ച് ലക്ഷം രൂപയും ഇടുക്കി ജില്ലാ കളക്ടർക്ക് നൽകി.<br><br>മുല്ലപെരിയാർ ഡാം തകർന്നാൽ നദിയുടെ അടിത്തട്ട് മുതൽ 45 മീറ്റർ ഉയരത്തിനുമേൽ ഇടുക്കി ഡാം വരെ സുരക്ഷിത സ്ഥാനങ്ങൾ അടയാളപ്പെടുത്തിയിട്ടുണ്ട്. (Flood Field Mapping) ഉപ്പുതുറ, അയ്യപ്പൻ കോവിൽ, പീരുമേട് താലൂക്ക് ആഫീസ്, ഉടുമ്പൻചോല താലൂക്ക് ആഫീസ്, ഇടുക്കി കളക്ട്രേറ്റ് എന്നിവിടങ്ങളിൽ സ്ഥാപിച്ചിട്ടുള്ള കൺട്രോൾ |

| | | | |
|---|---|---|---|
| | | | റൂമുകൾ പ്രവർത്തന സജ്ജമാക്കുകയും, മുഴുവൻ സമയവും പ്രവർത്തിപ്പിക്കുവാൻ നിർദ്ദേശം നൽകുകയും ചെയ്തു. വി എച്ച് എഫ് റേഡിയോ പ്രവർത്തിപ്പിക്കുന്നതിനും പരിപാലന ത്തിനും വേണ്ട പരിശീലനം ഇടുക്കി ജില്ലയിലെ വില്ലേജ് ഓഫീസർമാർക്കും, വില്ലേജ് അസിസ്റ്റന്റ് മാർക്കും നല്കിയിട്ടുണ്ട്.<br>സാമൂഹ്യാധിഷ്ഠിത ദുരന്ത നിവാരണ പദ്ധതിയിലൂടെ തദ്ദേശവാസികളെ ബോധവത് കരിക്കാനുള്ള പ്രവർത്തനങ്ങൾ കേരള സംസ്ഥാന ദുരന്ത നിവാരണ അതോറിറ്റി ജില്ലാ ദുരന്ത നിവാരണ അതോറിറ്റിയും ഈ പ്രദേശത്തെ പഞ്ചായത്തുകളിൽ നടപ്പിലാക്കി വരുന്നു. ആറു പഞ്ചായത്തുകളിലായി 50 വാർഡുകളിലാണ് പദ്ധതി നടപ്പിലാക്കുന്നത്.<br>കൂടാതെ ടി പ്രദേശത്തെ സ്കൂളുകളിൽ സ്കൂൾ സുരക്ഷാ പദ്ധതിയും നടപ്പിലാക്കി വരുന്നു. ടി പദ്ധതിയിൽ സുരക്ഷയെപ്പറ്റി കുട്ടികളിൽ അവബോധം വരുത്തുക, ജീവൻരക്ഷാ ഉപായങ്ങളെപ്പറ്റി മനസിലാക്കുക, കുട്ടികൾക്ക് മാനസിക സംഘർഷം ലഘൂകരിക്കാനുതകുന്ന പരിശീലനം എന്നിവ 46 സ്കൂളുകളിലായി അദ്ധ്യാപകർക്കും വിദ്യാർത്ഥി കൾക്കും ഉൾപ്പെടെ നടപ്പിലാക്കി വരുന്നു.<br>ദുരന്ത സമയങ്ങളിൽ ബന്ധപ്പെട്ട എല്ലാ വകുപ്പുകളേയും ഏകോപിപ്പിച്ച്, ഏറ്റവും ചുരുങ്ങിയ സമയത്തിനുള്ളിൽ അടിയന്തിര രക്ഷാ പ്രവർത്തനം സാദ്ധ്യമാക്കുന്നതിനായി സംഭവ പ്രതികരണ സംവിധാനം (Incidence Response System-IRS) സംസ്ഥാന - ജില്ലാ ദുരന്ത നിവാരണ അതോറിറ്റിയുടെ നേതൃത്വത്തിൽ നടപ്പിലാക്കുന്നതിനായി എല്ലാ വകുപ്പ് തല ഉദ്യോഗസ്ഥരുമായി പ്രാഥമിക ചർച്ചകൾ ആരംഭിച്ചിട്ടുണ്ട്. |
| **(ബി)** | 136 അടി വെള്ളം നിറഞ്ഞുനിൽക്കുമ്പോഴാണ് ദുരന്തം ഉണ്ടാകുന്നതെങ്കിൽ, വെള്ളത്തിനടിയിൽ അകപ്പെട്ടു പോകാവുന്ന പ്രദേശങ്ങൾ ഏതൊക്കെയാണെന്നാണ് കണ ക്കാക്കപ്പെട്ടിട്ടുള്ളത്; | **(ബി)** | മുല്ലപ്പെരിയാർ ഡാം 136 അടി റിസർവോയറിൽ നിൽക്കുമ്പോൾ PM7 impinge ചെയ്യുന്ന അവസരത്തിൽ ജലനിരപ്പ് 155 അടിക്ക് മുകളിൽ എത്തുകയും ഡാം തകരുകയും ചെയ്യും എന്ന നിഗമനത്തിൽ ആണ് ഐ.ഐ.ടി റൂർക്കി മുല്ലപ്പെരിയാറിന്റെയും ഇടുക്കി ഗ്രൂപ്പ് ഡാമുകളുടെയും ഡാം ബ്രേക്ക് അനാലിസിസ് പഠനം നടത്തിയത്. അതായത് 155 അടി പൊക്കത്തിൽ ഡാം തകരുന്ന പക്ഷം ജലം ഡാമിന് താഴെ മുല്ലപ്പെരിയാറിനും ഇടുക്കിക്കും മധ്യേ ഉയരാവുന്ന ലെവലുകളും മുല്ലപ്പെരിയാറിൽ നിന്ന് വിവിധ chainage കളിൽ നിന്ന് ജലം എത്തുന്ന സമയവും ഐ.ഐ.ടി റൂർക്കിയുടെ പഠന റിപ്പോർട്ടിലുണ്ട് |

| | | | |
|---|---|---|---|
| | | | വെള്ളത്തിനടിയിൽ അകപ്പെട്ടു പോകാവുന്ന പ്രധാനപ്പെട്ട പ്രദേശങ്ങളുടെ ജല നിരപ്പ് ചുവടേ ചേർക്കുന്നു.<br>1) മുല്ലപെരിയാർഡാം - 40.30 മീറ്റർ<br>2) വള്ളക്കടവ് - 35.05 മീറ്റർ<br>3) വണ്ടിപെരിയാർ - 38.17 മീറ്റർ<br>4) അയ്യപ്പൻ കോവിൽ - 30.75 മീറ്റർ<br>5) കീരിക്കര (Kirrikkara) - 40.97 മീറ്റർ<br>6) മ്ലാമല - 35.44 മീറ്റർ<br>7) കരിംകുളം - 31.14 മീറ്റർ<br>8) ഉപ്പുതറ - 20.83 മീറ്റർ<br>9) ചപ്പാത്ത് (കെ കെ റോഡ്) - 32.24 മീറ്റർ<br>10) ഇടുക്കി റിസർവോയറിന്റെ അപ്സ്ട്രീം - 20.85 മീറ്റർ |
| (സി) | ഡിസാസ്റ്റർ മാനേജ്മെന്റ് സ്കീം ആവിഷ്ക്കരിച്ചു നടപ്പിലാക്കി വരുന്നത് ആരുടെ നേതൃത്വത്തിലാണ്; ഏതെല്ലാം ഏജൻസികളുടെ സഹായത്തോടെയാണ് സർവ്വേ ഉൾപ്പെടെയുള്ള പരിശോധനകൾ നടന്നുവരുന്നതെന്ന് വ്യക്തമാക്കാമോ; | (സി) | ഡിസാസ്റ്റർ മാനേജ്മെന്റ് സ്കീം എന്ന പേരിൽ ഒരു പദ്ധതി ആവിഷ്കരിച്ച് നടപ്പിലാക്കിയിട്ടില്ല. എന്നാൽ മുല്ലപെരിയാർ വിഷയവുമായി ബന്ധപ്പെട്ട് ഉത്തരം (എ) യിൽ പരാമർശിച്ചതു പോലെ വിവിധ സേവന ദാതാക്കളുടെ സഹകരണത്തോടെ (ഐഎൽഡിഎം, എച്ച്.വി.ആർ.എ സെൽ, ഭൗമശാസ്ത്ര പഠന കേന്ദ്രം, യുഎൻഡിപി, ഇടുക്കി ജില്ലാ ദുരന്ത നിവാരണ അതോറിറ്റി, തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങൾ) സംസ്ഥാന ദുരന്ത നിവാരണ അതോറിറ്റി ഒരു മുല്ലപെരിയാർ ക്രൈസിസ് മാനേജ്മെന്റ് പ്ലാൻ നടപ്പാക്കി വരുന്നു. |
| (ഡി) | അപകടമുണ്ടായാൽ ഉണ്ടാകാവുന്ന നാശനഷ്ടങ്ങൾ കണക്കാക്കപ്പെട്ടിട്ടുണ്ടോ? | (ഡി) | ശാസ്ത്രീയ പഠനത്തിന്റെ അഭാവത്തിൽ, അണക്കെട്ട് തകർന്നാൽ ഉണ്ടായേക്കാവുന്ന നാശനഷ്ടങ്ങൾ തിട്ടപ്പെടുത്താൻ സാധിക്കുകയില്ല. എന്നിരു ന്നാലും നദിയുടെ അടിത്തട്ട് മുതൽ 45 മീറ്റർ ഉയരത്തിൽ, മുല്ലപ്പെരിയാർ ഡാം മുതൽ ഇടുക്കി ഡാം വരെയുള്ള 6 പഞ്ചായത്തുകളിലെ 50 വാർഡുകളിൽ സ്ഥിതി ചെയ്യുന്ന കെട്ടിടങ്ങളുടെ എണ്ണം തിട്ടപ്പെടുത്തിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ